കേരള സർക്കാർ

സംഗ്രഹം

പൊതുഭരണ (സൈനിക ക്ഷേമം) വകുപ്പ് - വിമുക്തഭടൻമാർക്ക്/ആശ്രിതർക്ക് ഭവന നിർമ്മാണത്തിനുള്ള വരുമാന പരിധിയും ഗ്രാന്റും വർദ്ധിപ്പിച്ചത് - പുതുക്കി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുഭരണ (സൈനിക ക്ഷേമം) വകുപ്പ്**

**സ.ഉ.(കൈ)നം.11/2018/പൊ.ഭ.വ** **തീയതി, തിരുവനന്തപുരം :11/01/2018**

പരാമർശം:-

1. സ.ഉ (എം.എസ്)നം.58/1978/പൊ.ഭ.വ തീയതി 24.01.1978.
2. സ.ഉ (എം.എസ്)നം. 52/2004/HSG തീയതി 20.10.2004.
3. സ.ഉ (എം.എസ്) 192/2011/ പൊ.ഭ.വ തീയതി 01.06.2011.
4. സ.ഉ (പി) 14/2012/പൊ.ഭ.വ തീയതി 17.01.2012 .
5. സ.ഉ (എം.എസ്) 301/2017/പൊ.ഭ.വ തീയതി 25.09.2017.
6. 03.10.2017 ലെ സൈനികക്ഷേമ വകുപ്പ് ഡയറക്ടറുടെ B6- 13934/HBG/2016/DSW നമ്പർ കത്ത്.

## ഉത്തരവ്

**1.** വിമുക്തഭടന്മാർ / ആശ്രിതർക്ക് വീട് വയ്ക്കുന്നതിനുള്ള പദ്ധതിക്ക് പരാമർശം 1 ലെ ഉത്തരവ് പ്രകാരം രൂപം നൽകി ഉത്തരവായിരുന്നു. ഭവനനിർമ്മാണത്തിനുള്ള വരുമാന പരിധിയും ഗ്രാന്റും കാലാകാലങ്ങളിൽ വർദ്ധിപ്പിച്ച് കൊണ്ട് പരാമർശം 2, 3, 4 എന്നിവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

**2.** 25.11.2015 ലെ രാജ്യസൈനിക ബോർഡ് യോഗത്തിന്റെ തീരുമാന പ്രകാരം സ്വന്തമായോ ഭാര്യയുടെ പേരിലോ വീടില്ലാത്ത 60 വയസ്സിനു താഴെ പ്രായമുള്ള വിമുക്തഭടൻ / ആശ്രിതർക്ക് വീട് വയ്ക്കുന്നതിനുള്ള വരുമാന പരിധി 1.5 ലക്ഷം രൂപയിൽ നിന്നും 3 ലക്ഷം രൂപയായും, വീട് വയ്ക്കുന്നതിനുള്ള ഗ്രാന്റ് 1 ലക്ഷം രൂപയിൽ നിന്നും 2 ലക്ഷം രൂപയായും വർദ്ധിപ്പിച്ച് കൊണ്ട് പരാമർശം 5 പ്രകാരം ഉത്തരവായിരുന്നു.

**3.** എന്നാൽ പ്രസ്തുത വരുമാന പരിധിയും ഗ്രാന്റും പരാമർശം 4 ലെ ഉത്തരവിൽ പ്രതിപാദിക്കുന്ന, അർഹതപ്പെട്ട എല്ലാ വിഭാഗം വിമുക്തഭടന്മാർക്കും അനുവദിച്ച നൽകണമെന്നും രാജ്യ സൈനിക ബോർഡ് തീരുമാന പ്രകാരം എല്ലാ വിഭാഗങ്ങൾക്കും നൽകുന്നതിനായാണ് തീരുമാനമായതെന്നും ആകയാൽ

പരാമർശം 5 ലെ ഉത്തരവ് പുതുക്കി അർഹതപ്പെട്ട എല്ലാ വിഭാഗക്കാർക്കും അനുവദിച്ച നൽകണമെന്നും ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

**4.** സർക്കാർ ഇക്കാര്യം നിലവിലുള്ള ചട്ടങ്ങളുടെ അടിസ്ഥാനത്തിലും ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും വിശദമായി പരിശോധിച്ചതിൽ, ഡയറക്ടറിൽ നിന്നും ലഭ്യമായ നിർദ്ദേശത്തിലെ അവ്യക്തത കാരണം പരാമർശം 5 ഉത്തരവ് പ്രകാരം ഒരു വിഭാഗം വിമുക്തഭടന്മാർക്ക് മാത്രമായാണ് ഭവന നിർമ്മാണ വായ്പയ്ക്കുള്ള പരിധിയും ഗ്രാന്റും വർദ്ധിപ്പിച്ച് ഉത്തരവായതെന്ന് ബോധ്യമായി. ആയതിന്റെ അടിസ്ഥാനത്തിൽ, അർഹതപ്പെട്ട എല്ലാ വിഭാഗം വിമുക്തഭടന്മാർക്കും /ആശ്രിതർക്കും വീട് വയ്ക്കുന്നതിനുള്ള ഗ്രാന്റ് അനുവദിക്കുന്നതിനുള്ള വരുമാന പരിധി 1 .5 ലക്ഷം രൂപയിൽ നിന്നും 3 ലക്ഷം രൂപയായും, വീട് വയ്ക്കുന്നതിനുള്ള ഗ്രാന്റ് 1 ലക്ഷം രൂപയിൽ നിന്നും 2 ലക്ഷം രൂപയായും വർദ്ധിപ്പിച്ച് കൊണ്ട് ഉത്തരവാകുന്നു.

**5.** പരാമർശം 5 ഉത്തരവ് മേൽ പ്രകാരം പരിഷ്കരിച്ചിരിക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**സാജു.എസ്**
**ജോയിന്റ് സെക്രട്ടറി**

പകർപ്പ്-

1. ഡയറക്ടർ, സൈനികക്ഷേമ വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം,
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ(A & E), തിരുവനന്തപുരം
4. സ്റ്റേഷൻ കമാൻഡർ, മിലിട്ടറി സ്റ്റേഷൻ ഹെഡ്കോർട്ടേഴ്സ്, പാങ്ങോട്, തിരുമല.പി.ഒ, തിരുവനന്തപുരം.
5. ധനകാര്യ വകുപ്പിന് ( 30.12.2017 ലെ **EXP-B2/341/2017-FIN E 459590** പ്രകാരം)
6. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി.
7. സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ